**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1326** 06.03.2020 **ൽ മറുപടിയ്ക്ക്**

# ഹോർട്ടികോർപ്പിന് കീഴിലെ സ്റ്റാളുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) മുൻ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിന് കീഴിൽ (ഏജൻസി മുഖാന്തരവും നേരിട്ടും) എത്ര സ്റ്റാളുകൾ ഉണ്ടായിരുന്നു; | എ) മുൻ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിന് കീഴിൽ 89 ഓൺസ്റ്റാളുകളും പ്രവത്തനക്ഷമമായ 200-ഓളം ലൈസൻസി സ്റ്റാളുകളും ഉണ്ടായിരുന്നു. |
| ബി) നിലവിൽ ഹോർട്ടികോർപ്പിന് കീഴിൽ എത്ര സ്റ്റാളുകൾ ഉണ്ട്; | ബി) നിലവിൽ ഹോർട്ടികോർപ്പിന് കീഴിൽ 100 ഓൺ സ്റ്റാളുകളും പ്രവർത്തനക്ഷമമായ 242- ഓളം ലൈസൻസി സ്റ്റാളുകളും പ്രവർത്തിച്ച് വരുന്നു. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടി കോർപ്പിൽ എത്ര മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചു എന്നറിയിക്കാമോ; | സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടി കോർപ്പിൽ 3 മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുകയുണ്ടായി. |
| ഡി) ഹോർട്ടികോർപ്പിൽ ദിനംപ്രതി സ്റ്റോക്കിൽ അധികമായി വരുന്ന പച്ചക്കറികൾ കേടാകുന്നതിലൂടെ എത്ര നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ? | ഡി) കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും അധിക ഉത്പാദന സീസണിലും ഹോർട്ടികോർപ്പ് ന്യായമായ വില നൽകി സംഭരിക്കാറുണ്ട്. ഇത്തരത്തിൽ അധികമായി സംഭരിക്കുന്ന പച്ചക്കറികൾ പരമാവധി വിറ്റഴിക്കാൻ ഹോർട്ടികോർപ്പ് ശ്രമിക്കാറുണ്ട്. ഇതിലൂടെ ഹോർട്ടികോർപ്പിന് നഷ്ടം ഉണ്ടാകാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരത്തിൽ അധികമായി സംഭരിച്ച 866.81 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കേടായി പോവുകയും അതു വഴി 2.513749 കോടി രൂപയുടെ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ